## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3706** — **19.03.2018-ൽ മറുപടിക്ക്**

### പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രോണിക്സ് വിഭാഗം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും വിശദമാക്കാമോ; | (എ) സർക്കാർ സ്ഥാപനങ്ങളിലെ ഇലക്ട്രോണിക്സ് സംബന്ധമായ എല്ലാ പ്രവൃത്തികളും ചെയ്യുന്നത് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗമാണ്. വിവിധ സർക്കാർ ഓഫീസുകളിലെ EPABX സിസ്റ്റം, LAN, CCTV സിസ്റ്റം, പബ്ലിക് അഡ്രസ് സിസ്റ്റം മുതലായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് ചെയ്തു വരുന്നു. കേരള നിയമസഭയിലെ ഡിജിറ്റൽ ഇലക്ട്രോണിക്സ് സിസ്റ്റം, ഡിജിറ്റൽ EPABX, കോൺഫറൻസ് ഹാളുകളിലെ ശബ്ദ സംവിധാനം, സെക്രട്ടേറിയറ്റിലെ CCTV സിസ്റ്റം, കേരള ഹൈക്കോടതിയിലെ ഇലക്ട്രോണിക്സ് സംവിധാനങ്ങൾ, ഇറിഗേഷൻ വകുപ്പിനു വേണ്ടി ഡാം സർവ്വേയലൻസ് സിസ്റ്റം ഇങ്ങിനെ എല്ലാ വകുപ്പുകൾക്ക് വേണ്ടിയും പ്രവൃത്തികൾ ചെയ്യുന്നു. ഇവ കൂടാതെ മറ്റു വകുപ്പുകളിലെ ഉപയോഗ ശൂന്യമായ ഉപകരണങ്ങൾ പരിശോധിച്ച് വാല്യൂവേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതും കേരളത്തിലെ എല്ലാ VVIP പരിപാടികൾക്കും ദൃശ്യ ശബ്ദ സംവിധാനം സ്ഥാപിക്കുന്നതും ഈ വിഭാഗമാണ്. |
| (ബി) ഇലക്ട്രോണിക്സ് വിഭാഗത്തിൽ സംസ്ഥാനത്ത് രണ്ടാമത് ഒരു ഡിവിഷൻ ആരംഭിക്കാനിടയായ സാഹചര്യം വിശദമാക്കുമോ; രണ്ടാമതൊരു ഡിവിഷൻ സംസ്ഥാനത്ത് ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) ഇലക്ട്രോണിക്സ് സംബന്ധമായ പ്രവൃത്തികൾ വളരെയധികം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ രണ്ടാമത് ഒരു ഡിവിഷൻ കൂടി അത്യാവശ്യമായതിനാലാണ് ഭരണ സൗകര്യത്തിനായി രണ്ടാമത് ഒരു ഡിവിഷൻ ആരംഭിച്ചത്. മുൻകാലത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിന് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉണ്ടായിരുന്നുവെങ്കിലും ഇലക്ട്രോണിക്സ് ഡിവിഷൻ ആയിരുന്നില്ല. പ്രസ്തുത |

എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്സ് ചീഫ് എഞ്ചിനീയറുടെ ടെക്നിക്കൽ അസിസ്റ്റന്റ് ആയിരുന്നു. എന്നാൽ ഇലക്ട്രോണിക്സ് പ്രവൃത്തികൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ സാമ്പത്തിക അധികാരത്തോടെ സ്വതന്ത്ര ചുമതലയോടെ ഇലക്ട്രോണിക്സ് ഡിവിഷൻ രൂപീകരിച്ചാലേ മുന്നോട്ട് പോകാൻ കഴിയൂ എന്ന് ബോധ്യപ്പെട്ടതിനാലാണ് അത് നടപ്പിലായത്. അതിനായി നിലവിലെ തിരുവനന്തപുരം ഇലക്ട്രോണിക്സ് വിഭാഗത്തിനെ ഇലക്ട്രോണിക്സ് ഡിവിഷൻ, തിരുവനന്തപുരം ആക്കി മാറ്റുകയും രണ്ടാമതായി തൃശ്ശൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സബ് ഡിവിഷൻ ഓഫീസിനെ അപ്പ്ഗ്രേഡ് ചെയ്തുകൊണ്ട് ഇലക്ട്രോണിക്സ് ഡിവിഷൻ തൃശ്ശൂർ ആക്കി മാറ്റുകയും ചെയ്തു. രണ്ടാമത്തെ ഡിവിഷന്റെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്.

| | |
|---|---|
| (സി) ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ വിഭാഗത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുകയും ഇപ്പോൾ ഭാഗികമായി ലഭ്യമാകുന്ന ഡിവിഷണൽ അക്കൗണ്ടന്റിന്റെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുന്നതുമാണ്. കൂടാതെ ഇലക്ട്രോണിക്സിന് പുതുതായി അനുവദിച്ച ശീർഷകത്തിൽ ആവശ്യത്തിന് ഫണ്ട് വകയിരുത്തി എല്ലാ ജീവനക്കാർക്കും ഇലക്ട്രോണിക്സ് മേഖലയിൽ മാറി വരുന്ന സാഹചര്യങ്ങൾ നേരിടാൻ പരിശീലനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ